ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതുവരെ പബ്ലിക് റിലേഷൻസ് വകുപ്പ് വഴി മുഖ്യമന്ത്രിയുടെ പേരിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) പബ്ലിക് റിലേഷൻസ് വകുപ്പ് പുസ്തകങ്ങൾ അച്ചടിക്കുന്നത് സർക്കാർ പ്രസ്സുകളിലും അർദ്ധസർക്കാർ പ്രസ്സുകളിലുമാണ്. അതിനാൽ ചെലവുകളുടെ കണക്ക് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ഡി) ഈ പുസ്തകങ്ങൾ അച്ചടിച്ചത് സർക്കാർ പ്രസ്സിലും അർദ്ധ സർക്കാർ പ്രസ്സായ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലുമാണ്. ലിസ്റ്റ് കാണുക.

(ഇ) ഈ പുസ്തകങ്ങൾ അച്ചടിച്ചത് സർക്കാർ പ്രസ്സുകളിലും അർദ്ധ സർക്കാർ പ്രസ്സായ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലുമാണ്. അതിനാൽ പ്രന്റിംഗ് ചാർജ് പ്രത്യേകം കണക്കാക്കിയിട്ടില്ല.

(എഫ്) ഈ പുസ്തകങ്ങൾ അച്ചടിച്ച് കിട്ടിയവകയിൽ പ്രിന്റിംഗ് ചാർജ് കൊടുക്കുവാൻ ബാക്കിയില്ല.

അന്ത്യോദയ പരിപാടി

6(1803) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ത്യോദയ പരിപാടി ആവിഷ്ക്കരിച്ചത് സംസ്ഥാന ഗവൺമെന്റാണോ ;

(ബി) അല്ലെങ്കിൽ ഈ പരിപാടിയുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പങ്കെന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഈ പരിപാടി നടപ്പാക്കാനുള്ള അരി ലഭ്യമാക്കുന്നത് ആരാണ് ;

(ഡി) പ്രസ്തുത അരിയുടെ വില എന്താണ് ;

(ഇ) ഈ അരി കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനുള്ള സബ്സിഡി ചെലവ് വഹിക്കുന്നതാരാണ് ; ഈ ഇനത്തിൽ വേണ്ടിവരുന്ന സബ്സിഡി പ്രതിവർഷം എത്രയാണ് ;

(എഫ്) ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് എന്ത് ചെലവുവരും ; ഏതെല്ലാം ഇനത്തിലാണ് ഈ ചെലവ് വരുന്നത് എന്ന് വ്യക്തമാക്കുമോ ?

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അന്ത്യോദയ അന്നയോജന എന്ന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആണെങ്കിലും സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടുകൂടിയാണ് പ്രസ്തുത പരിപാടി നടപ്പിലാക്കുന്നത്. കേന്ദ്രം നല്കുന്ന അരിവിഹിതം എഫ്.സി.ഐ.യുടെ വിവിധ ഗോഡൗണുകളിൽ നിന്നും എടുത്ത് കടത്തുകൂലി, വ്യാപാരികൾക്ക് കമ്മീഷൻ എന്നിവ വഹിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനാണ്.

(സി) കേന്ദ്ര സർക്കാർ ആണ്.

(ഡി) അരിയുടെ വില ഒരു കിലോഗ്രാമിന് മൂന്ന് രൂപയാണ്.

(ഇ&എഫ്) അരി എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നു ലഭ്യമാക്കാനുള്ള ചെലവ് കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. കടത്തുകൂലി, റേഷൻ വ്യാപാരികളുടെ കമ്മീഷൻ എന്നീ ഇനങ്ങളിലായി പ്രതിവർഷം 3.573 കോടിരൂപ സംസ്ഥാന സർക്കാർ ചെലവഴിക്കേണ്ടി വരും.

അരിയും ഗോതമ്പും ഗോഡൗണിൽ സൂക്ഷിക്കാൻ നടപടി

7 (1804) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അരിയും ഗോതമ്പും ഗോഡൗണിൽ സൂക്ഷിക്കാതെ തുറന്ന സ്ഥലത്ത് കിടന്ന് നശിക്കുകയാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തുകൊണ്ടാണ് ഇവ ഗോഡൗണുകളിൽ സൂക്ഷിക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ഭക്ഷ്യധാന്യങ്ങൾ ഇങ്ങനെ നശിച്ചുപോകാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അരി സാധാരണയായി മേൽക്കൂരയുള്ള ഗോഡൗണിലാണ് സൂക്ഷിക്കാറുള്ളത്. എന്നാൽ ഒഴിവാക്കാനാവത്ത ചില സാഹചര്യങ്ങളിൽ ഗോഡൗണിന്റെ വരാന്തയിൽ കേടുവരാത്തവിധം മൂടിക്കെട്ടിയും അരി സൂക്ഷിക്കാറുണ്ട്. ഗോതമ്പ് മാത്രമാണ് തുറന്ന സ്ഥലത്ത് ക്യാപ് സംവിധാന പ്രകാരം (കവർ ആന്റ് പ്ലിൻത്) സൂക്ഷിക്കാറുള്ളത്. ശാസ്ത്രീയമായ എല്ലാവിധ സുരക്ഷിത നടപടിക്രമങ്ങളും അവലംബിച്ചാണ് ക്യാപ് സംവിധാനത്തിൽ ഭക്ഷ്യധാന്യം സൂക്ഷിക്കുന്നത്. അതിനാൽ അവയ്ക്ക് യാതൊരുവിധ കേടുപാടുകളും ഉണ്ടാവുന്നില്ല എന്നാണ് അറിയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly